(ഡി) പരിശോധിച്ചിട്ടുണ്ട്. 27-3-2014-ലെ 31/2014/ധന സർക്കുലർ പ്രകാരം സർക്കാർ വകുപ്പുകളുടെ കൈവശം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളും കൊമേഴ്സ്യൽ ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന സർക്കാർ തുകകളും ഉടൻ തന്നെ ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരിച്ചടക്കണമെന്ന് കർശന നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രകൃതി വാതക പൈപ്പ് ലൈൻ

18(T*348) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പൈപ്പ് ലൈനിനു വേണ്ടി ഇതുവരെ ഏതെങ്കിലും ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗെയിൽ (ഇന്ത്യ) കേരളത്തിലെ പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്നതായി സൂചന നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സംസ്ഥാനത്ത് പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിക്കാനുള്ള യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

'(ബി) പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട ഭൂമിയുടെ ഉപയോഗാവകാശത്തിനായി ഭാരത സർക്കാരിന്റെ P & MP Act-ലെ സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കു വേണ്ടിയുള്ള പൈപ്പുകളും മറ്റു സാമഗ്രികളും എത്തിച്ചേർന്നിട്ടുണ്ട്. ഗെയിൽ ഉദ്യോഗസ്ഥൻമാരേയും Project Management Consultant (PMC) നേയും നിയോഗിച്ചിട്ടുണ്ട്. SV/IP (Sectionalizing Valve Station/Intermediate Pigging Station) സ്റ്റേഷനുകൾക്കുള്ള സ്ഥലമേറ്റെടുപ്പ് സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുകയാണ്. പൈപ്പ് ലൈൻ

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കടന്നു പോകുന്ന സ്ഥലങ്ങളിൽ സ്ഥലമെടുപ്പിനെതിരെ പ്രാദേശികമായ എതിർപ്പുകൾ നിലനിൽക്കുന്നുണ്ട്. ആയതിനാൽ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്.

(സി) ഗ്യാസ് പൈപ്പ് ലൈൻ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഭൂമിയിൽ ഗെയിലിന് തടസ്സമില്ലാതെ ഉപയോഗാവകാശം ലഭ്യമാകാത്ത പക്ഷം പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് പുനർ വിചന്തനം നടത്തേണ്ടി വരുമെന്ന ആശങ്ക ഗെയിൽ സർക്കാരുമായി പങ്കുവെച്ചിട്ടുണ്ട്. എന്നാൽ എൽ.എൻ.ജി. പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമായിത്തീരുവാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. പെടോനെറ്റ് എൽ.എൻ.ജി.-യുടെ പുതു വൈപ്പിലെ സംഭരണ ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽ നിന്നും മംഗലാപുരത്തേക്കും ബാഗ്ലൂരിലേക്കും നടപ്പാക്കേണ്ട പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. പൈപ്പ് ലൈൻ കടന്നു പോകുന്ന സ്ഥലത്തിന്റെ വിനിയോഗാവകാശം (RoU) മാത്രമേ ഗെയിലിന് നൽകുന്നുള്ളൂ. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ആർക്കും ഭൂമി നഷ്ടപ്പെടുന്നില്ല.

കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സ്ഥലം കേന്ദ്ര സർക്കാരിന്റെ പെടോളിയം ആന്റ് മിനറൽ പൈപ്പ് ലൈൻ ആക്ട് അനുസരിച്ച് ഉപയോഗാവകാശം (RoU) എടുക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സർക്കാർ ഗെയിൽ ഇന്ത്യക്കു വേണ്ടി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം എടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരമായി നിശ്ചയിച്ചിരുന്ന തുക ന്യായ വിലയുടെ 10 ശതമാനമായിരുന്നത് സംസ്ഥാനത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് 30 ശതമാനമായും പിന്നീട് 50 ശതമാനമായും വർദ്ധിപ്പിച്ച് നൽകാൻ സർക്കാരിന്റെ സമ്മർദ്ദ ഫലമായി ഗെയിൽ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ ജനസാന്ദ്രത കണക്കിലെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള വീതി 20 മീറ്ററിൽ നിന്നും 10 മീറ്ററായി ചുരുക്കുകയും ചെയ്തു. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ഗെയിൽ ഇന്ത്യ കരാറുകാരെ നിയോഗിച്ചു സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരുടെ യോഗം വിളിച്ചു കൂട്ടുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ കടുത്ത എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് കനോലി കനാലിലൂടെ മാറ്റി നിശ്ചയിക്കുന്ന വിഷയം പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ ജില്ലാതല സമിതിയും, സംസ്ഥാന തലത്തിൽ ഉന്നതാധികാര സമിതിയും സർക്കാർ രൂപീകരിച്ചു. വിശദമായ പഠനങ്ങൾക്കൊടുവിൽ കനോലി കനാലിലൂടെയുള്ള പൈപ്പ് ലൈൻ നിർമ്മാണം സാങ്കേതികമായും സാമ്പത്തികമായും പ്രായോഗികമല്ല എന്നായിരുന്നു ഉന്നതാധികാര സമിതിയുടെ കണ്ടെത്തൽ.

LIBRARY ARCHIVES Kerala Legislative Assembly

പൈപ്പ് ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനും പദ്ധതിയെ കുറിച്ച് ജനങ്ങളുടെയിടയിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും വേണ്ടി ഗെയിൽ, പെട്രോനെറ്റ് അധികൃതരുടെ സാന്നിദ്ധ്യത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം 28-10-2014-ൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധി വരെ ദൂരീകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. എൽ.എൻ.ജി പൈപ്പ് ലൈൻ പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനും, പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കുവാനും Petronet LNG-യുടെ മാനേജിംഗ് ഡയറക്ടറും ചെയർമാനും അതോടൊപ്പം കെ.എസ്.ഐ.ഡി.സി. ചെയർമാനും ചേർന്ന് ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. അവ സർക്കാരിന്റെ പരിഗണനയിലാണ്.

കൂടാതെ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി 2014 ഡിസംബർ 3-ാം തീയതി ഡെൽഹിയിൽ, ഗെയിൽ ഇന്ത്യാ C.M.D.-യെ കണ്ട് ചർച്ച നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന്റെ പ്രശ്നങ്ങൾ കേരള സർക്കാർ പരിഹരിച്ചാൽ, എത്രയും വേഗം പദ്ധതിയുമായി മുന്നോട്ട് പോകാൻ തയ്യാറാണെന്ന് ചെയർമാൻ, പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി.

വൈദ്യുതി പ്രസരണ നഷ്ടം

19 (*349) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിൽ ശരാശരി എത്ര യൂണിറ്റ് പ്രസരണ നഷ്ടം ഉണ്ടാകുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 2013-14 വർഷത്തിലേക്ക് 3071.20 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ നഷ്ടമാണ് പ്രസരണ വിതരണം വഴി ഉണ്ടായിട്ടുള്ളത്. ഇത് മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ 14.96 ശതമാനമാണ്.

(ബി) വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെ പറയുന്ന സത്വര നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു :

LIBRARY ARCHIVES Kerala Legislative Assembly